പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1896    19.06.2012 ൽ മറുപടിയ്ക്ക്

ഗാർഹിക വൈദ്യുതി കണക്ഷൻ

**ചോദ്യം**

ശ്രീ. പി. ഉബൈദുള്ള

**മറുപടി**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും
വകുപ്പ് മന്ത്രി)

(എ) ഗാർഹിക വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ ബി.പി.എൽ കുടുംബങ്ങൾക്ക് വൈദ്യുതി വകുപ്പ് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2005, വകുപ്പ് 7(1) പ്രകാരം 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. വിഭാഗത്തിലുള്ള വ്യക്തികളെ ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഗാർഹിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഒന്നോ രണ്ടോ വൈദ്യുതി പോസ്റ്റുകൾ ആവശ്യമുള്ള കേസുകളിൽ ബി.പി.എൽ കുടുംബങ്ങൾക്ക് അവ സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ജി.ജി.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്ടഡ് ലോഡ് പരിധിയില്ലാതെ സൗജന്യമായി വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടണപ്രദേശത്ത് ആർ.എ.പി.ഡി.ആർ.പി. പദ്ധതിയിലും ഗ്രാമപ്രദേശങ്ങളിൽ ആർ.ജി.ജി.വി.വൈ പദ്ധതിയിലും വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള ലൈൻ നീട്ടൽ പ്രവൃത്തികൾ ചെയ്യാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്. എം.പി.മാർക്ക്, എം.എൽ.എ മാർക്ക് തദ്ദേശ സ്വയംഭരണ

(...2)

സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട് തുടങ്ങിയവ ഉപയോഗിച്ചും സർവ്വീസ് കണക്ഷൻ നൽകാൻ വേണ്ടി ലൈൻ നീട്ടൽ പ്രവൃത്തികൾ ചെയ്യാൻ വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ